<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 149**</u> <u>**22-02-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ബാലുശ്ശേരിയിൽ ഫയർ &റെസ്ക്യൂ സ്റ്റേഷൻ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്; | (എ) | വയനാട്, തൊണ്ടർനാട് ഒരു സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്; | (ബി) | പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. . പ്രദേശത്തെ ജനസാന്ദ്രത . റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും ) . പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ . പ്രദേശത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ/ സ്റ്റേഡിയങ്ങൾ /സമ്മേളന നഗരികൾ . പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കുവാൻ സാധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സാന്നിധ്യം, ജലലഭ്യത മുതലായവ. |
| (സി) | കക്കയം ഡാം, കിനാലൂർ വ്യവസായ എസ്റ്റേറ്റ് തുടങ്ങിയ അപകട സാധ്യത ഏറെയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ബാലുശ്ശേരിയിൽ ഫയർ &റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ; ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | ബാലുശ്ശേരിയിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള മരപ്പാലം തല അംഗനവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീ-സർവ്വേ നം.59 ൽപ്പെട്ട 50 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ടെങ്കിലും ടി സ്ഥലം വകുപ്പിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ